**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 51** **02-02-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വൈദ്യുതി ചട്ടം ഭേദഗതി മൂലമുണ്ടാകുന്ന ആശങ്കകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാരിന്റെ എതിർപ്പ് അവഗണിച്ചുകൊണ്ട് കേന്ദ്ര സർക്കാർ വൈദ്യുതി ചട്ടം ഭേദഗതി വരുത്തിയതിനാൽ മാസം തോറും ഉണ്ടാകുന്ന വൈദ്യുതി വില വർദ്ധന സംസ്ഥാനത്തെ ഉപഭോക്താക്കളെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. ചട്ടഭേദഗതിക്ക് മുമ്പ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ റെഗുലേഷൻ 87 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനം മൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത /കുറവ ത്രൈമാസ അടിസ്ഥാനത്തിൽ നിർണയിച്ച വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽ നിന്ന് ഇന്ധന സർചാർജ് ഈടാക്കുവാനോ / നിലവിലുള്ള താരിഫിൽ ഇളവ് നൽകി തിരികെ നൽകുവാനോ വ്യവസ്ഥ ചെയ്തിട്ടുണ്ട് ഇതിനായി ത്രൈമാസാടിസ്ഥാനത്തിൽ, കെ.എസ്.ഇ.ബി.എൽ. ഇന്ധന വിലയിലുണ്ടാകുന്ന വ്യതിയാനം കാരണം പ്രതിമാസ വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളുടെ വിശദാംശങ്ങൾ അടങ്ങിയ പെറ്റീഷൻ കമ്മീഷൻ മുമ്പാകെ ഓരോ പാദവർഷം കഴിഞ്ഞു 30 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ത്രൈമാസ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനും ശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിതകാലയളവിലേക്ക് ഇന്ധന സർചാർജ ഏർപ്പെടുത്തി വരുന്നു.<br><br>മേൽ പറഞ്ഞ സൂക്ഷ്മപരിശോധന കൂടാതെ തന്നെ സർചാർജ്ജ് ഈടാക്കുന്നതിന വൈദ്യുതി വിതരണ കമ്പനികൾക്ക അധികാരം നൽകുന്നതാണ് നിലവിലെ ചട്ടഭേദഗതി. ഉപഭോക്താക്കൾക്ക്, പ്രത്യേകിച്ച |

| | | | |
|---|---|---|---|
| | | | വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾക്ക് തങ്ങളുടെ കച്ചവടച്ചെലവ് (business expenditure) കണക്കാക്കുന്നതിന് വൈദ്യുത നിരക്കിനെ സംബന്ധിച്ച് മുൻകൂർ ധാരണ ആവശ്യമുണ്ട്. അടിക്കടി മാറുന്ന വൈദ്യുത നിരക്ക് ഇതിന് വിഘാതമാകാൻ സാധ്യതയുണ്ട്. ഇത് നാട്ടിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിൽനിന്നും സംരംഭകരെ തടയാൻ സാധ്യതയുണ്ട് അധിക ബാധ്യതയുടെ സാധ്യത മുന്നിൽകണ്ടുകൊണ്ടാണ് വില നിശ്ചയിക്കുന്നത് എങ്കിൽ അവ ഉത്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കാനും സാധാരണക്കാരുടെ ജീവിതച്ചെലവ് വർദ്ധിക്കാനും ഇടയാക്കും. |
| (ബി) | ചട്ടം പ്രാബല്യത്തിലാകുന്നതോടെ 2003-ലെ കേന്ദ്ര വൈദ്യുതി നിയമ പ്രകാരം രൂപീകരിച്ചിട്ടുള്ള റെഗുലേറ്ററി കമ്മീഷന്റെ പ്രസക്തി ദുർബലപ്പെടുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ കേന്ദ്ര നിയമത്തിന് തന്നെ വിരുദ്ധമായ ചട്ടം പിൻവലിക്കാൻ വീണ്ടും ആവശ്യപ്പെടുമോ; | (ബി) | ഉണ്ട്. ഇക്കാര്യം നിയമപരമായി പരിശോധിച്ച് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ചട്ടത്തിന്റെ ഭേദഗതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനാധികാരത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ബോർഡിന്റെ പ്രവർത്തന അധികാരത്തെ ബാധിക്കുന്നതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ